# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3468** **08.11.2019 -ലെ മറുപടിയ്ക്ക്**

**കോളേജുകളിലെ പരീക്ഷാ പേപ്പർ റോഡിൽ കിടന്ന സംഭവത്തിൽ നടപടി**

*ചോദ്യം* *ഉത്തരം*

**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** **ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കോളേജുകളിലെ പരീക്ഷാ പേപ്പർ സെന്ററുകളിലെത്താതെ വഴിയിൽ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തുന്നത് പതിവായിരിക്കുന്ന കാര്യം പരിശോധിക്കുമോ; | (എ) | പതിവായി ഇത്തരത്തിൽ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എം.ജി സർവ്വകലാശാലയുടെ പരീക്ഷാ പേപ്പറും കാലിക്കറ്റ് സർവ്വകലാശാലയുടെ പരീക്ഷ പേപ്പറും റോഡിൽ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയത് സർക്കാർ പരിശോധിക്കുമോ; | (ബി) & (സി) | എം.ജി സർവ്വകലാശാല ഇക്കാര്യം പരിശോധിക്കുകയും ആയത് സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുള്ളതിനാലും ഈ വിഷയത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രത്യേകം പരിശോധന നടത്തിയിട്ടില്ല. കാലിക്കറ്റ് സർവ്വകലാശാലയുടെ പരീക്ഷാപേപ്പറുകളൊന്നും റോഡിൽ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയിട്ടില്ല |
| (സി) | എം.ജി സർവ്വകലാശാലയിലെ പരീക്ഷാ പേപ്പർ റോഡിൽ കിടന്ന സംഭവത്തിൽ സർക്കാർ പരിശോധിച്ച് നടപടി എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |
| (ഡി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ഇത്തരം വിഷയങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകളും, നിർദ്ദേശങ്ങളും അടക്കം വേണ്ടുന്ന നടപടികൾ സർവ്വകലാശാലകൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.